**മധുരമായകുട്ടികളേ - ദേഹാഭിമാനം നിങ്ങളെ കരയിപ്പിക്കും, ദേഹിഅഭിമാനിയായി ത്തീരുകയാണെങ്കിൽ പുരുഷാർത്ഥം ശരിയാവും, ഹൃദയത്തിൽ സത്യതയുണ്ടാവും. ബാബയെ പൂർണ്ണമായും അനുകരിക്കാൻ സാധിക്കും.**

**ചോദ്യം:-** ഏതൊരു പരിതസ്ഥിതിയിലും ആപത്തുകളിലും സ്ഥിതിയെ സദാ നിർഭയവും ഏകരസവുമാക്കിവെക്കാൻ എപ്പോഴാണ് സാധിക്കുക?
**ഉത്തരം:-** ഡ്രാമയുടെ ജ്ഞാനത്തിൽ പൂർണ്ണമായും നിശ്ചയമുണ്ടാകുമ്പോൾ. ഏതൊരു ആപത്ത് മുന്നിൽ വരുകയാണെങ്കിലും പറയും ഇത് ഡ്രാമയിൽ ഉണ്ടായിരുന്നു. കല്പം മുമ്പും ഇതിനെ മറികടന്നിരുന്നു. ഇതിൽ പേടിക്കേണ്ടതായ കാര്യമില്ല. പക്ഷേ കുട്ടികൾക്ക് മഹാവീരരായിമാറണം. ആരാണോ ബാബയുടെ പൂർണ്ണമായ സഹയോഗികളും സത്പുത്രരുമായ കുട്ടികൾ, ബാബയുടെ ഹൃദയത്തിൽ സ്ഥാനം നേടിയവർ, അങ്ങനെയുളള കുട്ടികൾക്കു മാത്രമേ സ്ഥിരതയോടെയിരിക്കാൻ സാധിക്കൂ. അവസ്ഥ ഏകരസമായിരിക്കൂ.

**ഗീതം:-** ഓ ദൂരദേശ വഴിയാത്രക്കാരാ......

**ഓം ശാന്തി.** വിനാശത്തിന്റെ സമയത്ത് എന്തായാലും കുറച്ച് പേർ അവശേഷിക്കുന്നു, രാമന്റെ സൈന്യത്തിൽ നിന്നും രാവണന്റെ സൈന്യത്തിൽ നിന്നും കുറച്ച് അവശേഷിക്കുന്നു. അപ്പോൾ രാവണന്റെ സൈന്യം നിലവിളിക്കുന്നു. ഒന്ന്, അവരോടൊപ്പം നമുക്ക് കൂടെ പോകാൻ സാധിച്ചില്ല, പിന്നെ അവസാനസമയത്ത് വളരെയധികം ബുദ്ധിമുട്ടുണ്ടായിരിക്കും അതുകൊണ്ട് അയ്യോ-അയ്യോ എന്ന് നിലവിളിക്കുന്നു. നിങ്ങൾ കുട്ടികളിലും ആരാണോ അനന്യ(വിശിഷ്ട)സന്താനങ്ങൾ അവർക്കു മാത്രമേ വിനാശത്തെ കാണാനായുളള യോഗ്യതയുണ്ടാകൂ. അവർ ധൈര്യശാലികളായിരിക്കും. എങ്ങനെയാണോ അംഗദനെക്കുറിച്ച് പറയാറുള്ളത്, സ്ഥിരതയോടെയിരുന്നു എന്ന്. വിനാശത്തെ നിങ്ങൾ കുട്ടികൾക്കല്ലാതെ മറ്റാർക്കും തന്നെ കാണാൻ സാധിക്കില്ല. അയ്യോ-അയ്യോ എന്ന നിലവിളി ഇങ്ങനെയായിരിക്കും എങ്ങനെയാണോ ഓപ്പറേഷൻ നടക്കുന്ന സമയത്ത് ആർക്കും അത് കണ്ട് നിൽക്കാൻ സാധിക്കാത്തത്. പക്ഷേ ഇവിടെ നിങ്ങൾ ഇത് മുന്നിൽ കാണുന്നു. നിലവിളികൾ ഉണ്ടാകുന്നു. ആരാണോ നല്ല വിശിഷ്ട സന്താനങ്ങൾ, ബാബയുടെ സഹയോഗികളായ സത്പുത്രന്മാർ, അവരാണ് ഹൃദയത്തിൽ സ്ഥാനം നേടിയവർ. ഹനുമാൻ ഒന്നല്ല. എല്ലാവരും തന്നെ ഹനുമാനായ മഹാവീരന്മാരുടെ മാലയാണ്. രുദ്രാക്ഷമാലയുമുണ്ടല്ലോ. രുദ്രഭഗവാന്റെ മാലയെയാണ് രുദ്രമാല എന്നു പറയുന്നത്. രുദ്രാക്ഷം വളരെ വില പിടിപ്പുളള ഒരു മുത്താണ്. രുദ്രാക്ഷത്തിലും ചിലത് യഥാർത്ഥമായതും ചിലത് കൃത്രിമമായതും ഉണ്ട്. ഇതേ മാലതന്നെ 100 രൂപയ്ക്കും ലഭിക്കും, 2 രൂപയ്ക്കും ലഭിക്കുന്നു. ഓരോരോ വസ്തുക്കളും അങ്ങനെത്തന്നെയാണ്. ബാബ വജ്രസമാനമാക്കി മാറ്റുന്നു. ഇതുമായി താരതമ്യപ്പെടുത്തുകയാണെങ്കിൽ എല്ലാം കൃത്രിമമാണ്. സത്യമായ പരമാത്മാവിന്റെ മുന്നിൽ എല്ലാം തന്നെ അസത്യമാണ്. ഒന്നിനും കൊളളാത്തതാണ്. ഒരു ചൊല്ലുണ്ടല്ലോ - സൂര്യന്റെ മുന്നിൽ ഒരിക്കലും അന്ധകാരത്തിന് ഒളിക്കാൻ സാധിക്കില്ലെന്ന്. ഇവിടെ ജ്ഞാനസൂര്യനാണ് ഇതിനുമുന്നിൽ ഒരിക്കലും അജ്ഞതയ്ക്ക് ഒളിക്കാൻ സാധിക്കില്ല. നിങ്ങൾക്ക് സത്യമായ ബാബയിലൂടെ സത്യം ലഭിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് അറിയാം സത്യമായ പിതാവിനെ പ്രതി എന്തെല്ലാമാണോ മനുഷ്യർ പറയുന്നത് അതുമുഴുവനും അസത്യമാണ്.

ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി ഗീതയുടെ ഭഗവാൻ ശിവനാണെന്ന്. അല്ലാതെ ദൈവീകഗുണങ്ങളുളള ശ്രീകൃഷ്ണനല്ല. ഇപ്പോൾ സംഗമയുഗമാണ്, പിന്നീട് തീർച്ചയായും സത്യയുഗമുണ്ടാവും. ശ്രീകൃഷ്ണന്റെ ആത്മാവ് ഇപ്പോൾ ജ്ഞാനം നേടിക്കൊണ്ടിരിക്കുകയാണ്. മനുഷ്യർ മനസ്സിലാക്കി ഇവർ ജ്ഞാനം നൽകുന്ന ആളാണെന്ന്. എത്ര വ്യത്യാസമാണ്. അത് അച്ഛൻ, ഇത് കുട്ടി. അച്ഛനെ അപ്രത്യക്ഷമാക്കി, കുട്ടിയുടെ പേരിട്ടു. ഇനി മുന്നോട്ടു പോകുന്തോറും അവസാനം സത്യം പുറത്ത് വരും. ആദ്യത്തെ മുഖ്യമായ കാര്യം തന്നെ ഇതാണ്. എന്തുകൊണ്ടാണ് സർവ്വവ്യാപിയെന്നു മനസ്സിലാക്കിയത്? കാരണം ഗീതയിൽ കൃഷ്ണന്റെ പേരിട്ടു. ഈ കാര്യങ്ങളെക്കുറിച്ചെല്ലാം തന്നെ നിങ്ങൾക്കാണ് അറിയുന്നത്. ശ്രീകൃഷ്ണൻ അഥവാ ദേവീദേവകതളുടെ ആത്മാക്കളെല്ലാം തന്നെ 84 ജന്മങ്ങൾ പൂർത്തിയാക്കി. ഇങ്ങനെ പാടാറുണ്ട് ആത്മാവും-പരമാത്മാവും വളരെക്കാലം വേർപിരിഞ്ഞിരുന്നു.... നമ്മൾ തന്നെയാണ് ഏറ്റവും ആദ്യം അകന്നത്. ബാക്കി എല്ലാ ആത്മാക്കളും ബാബയോടൊപ്പം അവിടെ വസിക്കുന്നവരാണ്. പക്ഷേ ഇതിന്റെ അർത്ഥം ആരും തന്നെ മനസ്സിലാക്കുന്നില്ല. നിങ്ങളിലും വളരെ വിരളം പേർക്കുമാത്രമേ യഥാർത്ഥ രീതിയിൽ മനസ്സിലാ

ക്കാൻ സാധിക്കൂ. ദേഹാഭിമാനമാണ് നിങ്ങളെ കരയിപ്പിക്കുന്നത്. ദേഹിഅഭിമാനികൾക്കു മാത്രമേ ശരിയായ പുരുഷാർത്ഥം ചെയ്യാൻ സാധിക്കൂ, അപ്പോൾ ധാരണയും വളരെ നല്ല രീതിയിൽ ഉണ്ടാവുന്നു, അതുകൊണ്ടാണ് പറയുന്നത് ഫോളോ ഫാദർ. അച്ഛനും അഭിനയിക്കുന്നുണ്ട്. അച്ഛൻ രണ്ടുപേരുണ്ട്. ഇത് ഏത് അച്ഛനാണ് പറയുന്നത് എന്നുള്ളത് നിങ്ങൾക്ക് അറിയില്ല കാരണം ബാബയും ദാദയും രണ്ടുപേരും ശരീരത്തിലുണ്ട്. ചെയ്യിപ്പിക്കുന്ന ആളെ അനുകരിക്കണം. ബാബ മനസ്സിലാക്കിത്തരുന്നു – കുട്ടികളേ, ദേഹിഅഭിമാനിയായിത്തീരൂ. വളരെ നല്ല കുട്ടികൾ പോലും ദേഹാഭിമാനത്തിലാണ്. കാരണം ബാബയെ ഓർമ്മിക്കുന്നില്ല. ആർക്കാണോ യോഗിയല്ലാത്തത് അവർക്ക് ധാരണ ചെയ്യാൻ സാധിക്കില്ല. ഇവിടെ സത്യത ആവശ്യമാണ്. പൂർണ്ണമായും ഫോളോ ചെയ്യണം. എന്താണോ കേൾക്കുന്നത് അത് ധാരണ ചെയ്ത് മനസ്സിലാക്കി കൊടുക്കൂ. നിർഭയരായിരിക്കണം. ഡ്രാമയിൽ ഉറച്ചു നിൽക്കണം. എന്തെങ്കിലും ആപത്തുകൾ വന്നാൽ മനസ്സിലാക്കണം ഇത് ഡ്രാമയിൽ ഉള്ളതാണെന്ന്. ബുദ്ധിമുട്ട് മറികടന്നല്ലോ. നിങ്ങൾ എല്ലാവരും മഹാവീരന്മാരല്ലേ. നിങ്ങളുടെ പേര് പ്രശസ്തമാണ്. 8 പേർ വളരെ നല്ല മഹാവീരന്മാരാണ്. 108 അതിലും കുറവാണ്, 16000 അതിനേക്കാളും കുറവാണ്. പക്ഷേ എന്തായാലും ആയിത്തീരണം. ഈ ചക്രവർത്തി പദവി കല്പം മുമ്പ് സ്ഥാപിച്ചിട്ടുണ്ട് അതുപോലെത്തന്നെ ഉണ്ടാവും. വളരെ പേർ സംശയത്തിൽ വന്ന് ഉപേക്ഷിക്കുകയും ചെയ്യുന്നു. നിശ്ചയമുണ്ടെങ്കിൽ ഇങ്ങനെയൊരു അച്ഛനെ ഒരിക്കലും ഉപേക്ഷിക്കാൻ സാധിക്കില്ല. ബലം പ്രയോഗിച്ച് ജ്ഞാനാമൃതത്തെ കുടിപ്പിക്കാൻ നോക്കിയാലും കുടിക്കില്ല. ചെറിയ കുട്ടികളെപ്പോലെ. ബാബ ജ്ഞാനമാകുന്ന പാൽ കുടിപ്പിക്കാൻ നോക്കിയാലും കുടിക്കില്ല. ഒറ്റയടിക്ക് മുഖത്തെ തിരിപ്പിക്കുന്നു അപ്പോൾ ഒന്നിനും കൊള്ളരുതാത്തതായി മാറുന്നു. പറയുന്നു ഞങ്ങൾക്ക് മാതാപിതാവിൽ നിന്നും ഒന്നും തന്നെ വേണ്ട എന്ന്. എനിക്ക് ശ്രീമത പ്രകാരം ജീവിക്കാൻ സാധിക്കുന്നില്ലെങ്കിൽ എങ്ങനെ ശ്രേഷ്ഠമായിത്തീരും? ഭഗവാന്റെ ശ്രീമതമാണ്. അപ്പോൾ ഇങ്ങനെയൊരു സ്ലോഗൻ എഴുതിക്കണം നിരാകാരനായ ജ്ഞാനസാഗരൻ പതിതപാവനൻ ഭഗവാൻ ശിവാചാര്യന്റെ വചനങ്ങൾ – മാതാക്കൾ സ്വർഗ്ഗത്തിന്റെ വാതിലാണ്. മനസ്സിലാക്കി കൊടുക്കുന്നതിനായി ബുദ്ധിയിൽ പോയിന്റുകൾ ആവശ്യമാണ്. വിദ്യാർത്ഥികളെല്ലാം തന്നെ നമ്പർവൈസാണ്. ഡ്രാമയിൽ അവരവർ തന്റേതായ പാർട്ട് അഭിനയിച്ചുകൊണ്ടിരിക്കുന്നു. ദുഃഖത്തിൽ നമ്മൾ അവരെ ഓർമ്മിക്കുന്നു. ദൂരദേശത്തിലാണ് ബാബ വസിക്കുന്നത്. അവരെയാണ് നമ്മൾ ആത്മാക്കൾ ഓർമ്മിക്കുന്നത്. ദുഃഖത്തിൽ എല്ലാവരും സ്മരിക്കുന്നു, സുഖത്തിൽ ആരും തന്നെ സ്മരിക്കുന്നില്ല. ഇപ്പോൾ ദുഃഖത്തിന്റെ ലോകമല്ലേ. ഇതെല്ലാം തന്നെ മനസ്സിലാക്കി കൊടുക്കാൻ വളരെ എളുപ്പമാണ്. ആദ്യം തന്നെ മനസ്സിലാക്കി കൊടുക്കണം ബാബ സ്വർഗ്ഗത്തെ സ്ഥാപിക്കുന്ന ആളാണെന്ന്. അപ്പോൾ എന്തുകൊണ്ട് നമുക്കും സ്വർഗ്ഗത്തിന്റെ ചക്രവർത്തിപദവി ലഭിച്ചൂടാ. ഇതും അറിയാം എല്ലാവർക്കും സ്വർഗ്ഗീയ സമ്പത്ത് ലഭിക്കില്ലെന്ന്. എല്ലാവരും സ്വർഗ്ഗത്തിലേക്കു വരുകയാണെങ്കിൽ പിന്നെ നരകമുണ്ടാവുകയില്ല, അഭിവൃദ്ധി എങ്ങനെ ഉണ്ടാകും?

ഇങ്ങനെയൊരു മഹിമയുണ്ട് – ഭാരതം അവിനാശി ഖണ്ഡമാണ് അതായത് അവിനാശി അച്ഛന്റെ ജന്മസ്ഥലമാണ്. ഭാരതം തന്നെയായിരുന്നു സ്വർഗ്ഗം. നമ്മൾ സന്തോഷത്തോടെ പറയുന്നു – 5000 വർഷങ്ങൾക്കു മുമ്പ് സ്വർഗ്ഗമായിരുന്നു എന്ന്. സ്വർഗ്ഗത്തിലെ അധികാരികളുടെ ചിത്രവുമുണ്ടല്ലോ. ഇങ്ങനെ പറയാറുണ്ട് ക്രിസ്തുവിന് 3000 വർഷങ്ങൾക്കു മുമ്പ് ഭാരതം സ്വർഗ്ഗമായിരുന്നു എന്ന്. തീർച്ചയായും ഭാരതത്തിൽ തന്നെയാണ് സൂര്യവംശിയും ചന്ദ്രവംശിയും. അവരുടെതന്നെയാണ് ചിത്രവും. എത്ര സഹജമാണ്. ബുദ്ധിയിൽ ഈ ജ്ഞാനം ഉണ്ടായിരിക്കണം. ബാബയുടെ ആത്മാവിൽ ഈ ജ്ഞാനമുള്ളതുകൊണ്ട് നമ്മൾ ആത്മാക്കളെയും ധാരണ ചെയ്യിച്ചു. ബാബ ജ്ഞാനസാഗരനാണ്. ഇങ്ങനെയും പറയുന്നുണ്ട് പ്രജാപിതാവായ ബ്രഹ്മാവിലൂടെ രാജയോഗം പഠിപ്പിക്കുന്നു ഇതിലൂടെ അവർ രാജാക്കന്മാരുടെയും രാജാവായിത്തീരുന്നു. പിന്നീട് ആ ജ്ഞാനം നഷ്ടപ്പെടുന്നു. ഇപ്പോൾ ആ ജ്ഞാനം വീണ്ടും നിങ്ങൾക്ക് ലഭിക്കുകയാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് വെല്ലുവിളിക്കണം. ഇതിൽ വളരെ നല്ല ഫസ്റ്റ്ക്ലാസ്സ് ബുദ്ധി ആവശ്യമാണ്. ബാബ തന്റെ പക്കൽ വിലകൂടിയ വസ്തുക്കളൊന്നും തന്നെ വയ്ക്കുകയില്ല. പറയാറുള്ളത്, ഇത്രയ്ക്കും കെട്ടിടങ്ങളെല്ലാം തന്നെ ഉണ്ടാക്കിയിട്ടുള്ളതും കുട്ടികൾക്ക് വസിക്കാനായാണ്. ഇല്ലെങ്കിൽ കുട്ടികൾ എവിടെപ്പോയി വസിക്കാനാണ്? ഒരു ദിവസം എല്ലാ കെട്ടിടങ്ങളും തങ്ങളുടെ കൈകളിലേക്ക് വരും. ഭഗവാന്റെ വീട്ടിനുമുന്നിൽ ഭക്തരുടെ തിരക്കായിരിക്കും. മറ്റുള്ളവർ വളരെ പേരെ ഭഗവാനാക്കി വെച്ചിട്ടുണ്ട്. പ്രാക്ടിക്കലിൽ ഇവരാണല്ലോ. എത്ര തിരക്കുണ്ടാവും എന്ന് നിങ്ങൾക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. ലോകത്തിൽ ധാരാളം അന്ധവിശ്വാസമാണ്. ഒരു മേള നടക്കുന്നു എങ്കിൽ എത്ര തിരക്കുണ്ടായിരിക്കും. ചിലപ്പോൾ പരസ്പരം കലഹിക്കുന്നു. ആ തിരക്കിൽപ്പെട്ട് എത്ര പേരാണ് മരിക്കുന്നത്. വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നു. അപ്പോൾ ഈ സ്വദർശനചക്രം വളരെ നല്ലതാണ്. സ്ലോഗനും തീർച്ചയായും എഴുതണം. അവസാനം മാതാക്കളുടെ മുന്നിൽ എല്ലാവർക്കും തലകുനിക്കണം. ശക്തികളുടെ ചിത്രങ്ങളെല്ലാം അങ്ങനെയുണ്ടാക്കിയിട്ടുണ്ട്. ബാബ കുട്ടികൾക്കുവേണ്ടി ജ്ഞാനമാകുന്ന വെടിമരുന്ന് ഉണ്ടാക്കിക്കുന്നു. ഇതെല്ലാം

തെളിയിച്ച് പറഞ്ഞുകൊടുക്കൂ. ഇത് സഹജമാണ്. ഭക്തർ ഭഗവാനെ ഓർമ്മിക്കുന്നു. സാധുക്കൾ ഭഗവാനുമായി മിലനം ചെയ്യാനായി സാധന അനുഷ്ഠിക്കുന്നു. ഈശ്വരനെ അച്ഛനെന്നു പറയുന്നു. അപ്പോൾ തീർച്ചയായും നമ്മൾ അവരുടെ സന്താനമാണ്. സാഹോദര്യബന്ധമല്ലേ. ഇന്ത്യയും-ചൈനയും സഹോദരങ്ങളാണ്. അപ്പോൾ അച്ഛൻ ഒരാളായില്ലേ. ഭൗതികരൂപത്തിൽ സഹോദരീ-സഹോദരന്മാരാണ്. അപ്പോൾ വികാരിദൃഷ്ടി ഉണ്ടാകാൻ പാടില്ല. ഇത് പവിത്രമായിരിക്കാനുള്ള യുക്തിയാണ്. ബാബയും പറയുന്നുണ്ട്-കാമം മഹാശത്രുവാണെന്ന്. എന്നാൽ മനസ്സിലാക്കുകയും വേണ്ടേ. മുഖ്യമായ കാര്യമാണ് - ഭഗവാൻ എല്ലാവരുടെയും അച്ഛനാണെന്നുള്ളത്. ബാബ സ്വർഗ്ഗത്തിന്റെ സ്ഥാപകനാണെങ്കിൽ തീർച്ചയായും ബാബയിൽ നിന്നും സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കണം. സമ്പത്തുണ്ടായിരുന്നു, അത് പിന്നീട് നഷ്ടപ്പെടുത്തി. ഇത് സുഖ-ദുഃഖത്തിന്റെ കളിയാണ്. ഇതെല്ലാം തന്നെ നല്ലരീതിയിൽ മനസ്സിലാക്കി കൊടുക്കണം. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) സത്യതയെ ധാരണചെയ്ത് ബാബയുടെ ഓരോ കർത്തവ്യത്തെയും അനുകരിക്കണം. ജ്ഞാനാമൃതം കുടിക്കണം, കുടിപ്പിക്കണം. നിർഭയരായിരിക്കണം.

2) നമ്മൾ ഭഗവാന്റെ കുട്ടികൾ പരസ്പരം സഹോദരങ്ങളാണ് - ഈ സ്മൃതിയിലൂടെ തന്റെ ദൃഷ്ടി, വൃത്തിയെ പവിത്രമാക്കി മാറ്റണം.

## വരദാനം:- ഓരോരുത്തരുടേയും വിശേഷതയെ കണ്ടുകൊണ്ട് അവയെ സേവനത്തിൽ ഉപയോഗിക്കുന്ന ആശീർവ്വാദങ്ങൾക്ക് പാത്രമായി ഭവിക്കൂ

ഏതുപോലെയാണോ ബാപ്ദാദയ്ക്ക് ഓരോ കുട്ടിയുടേയും വിശേഷതയോട് സ്നേഹമുള്ളത്, ഓരോരുത്തരിലും എന്തെങ്കിലുമെല്ലാം വിശേഷതയുണ്ട് അതുകൊണ്ട് എല്ലാവരോടും സ്നേഹമുണ്ട്. അതിനാൽ താങ്കളും ഓരോരുത്തരുടേയും വിശേഷതയെ നോക്കൂ. ഏതുപോലെയാണോ ഹംസം രത്നം കൊത്തിയെടുക്കുന്നത്, കല്ലെടുക്കാത്തത് അതുപോലെ താങ്കളും ഹോളീ ഹംസമാണ്, താങ്കളുടെ കർത്തവ്യമാണ് ഓരോരുത്തരുടെയും വിശേഷതയെ കാണുക അവരുടെ വിശേഷതയെ സേവനത്തിൽ ഉപയോഗിക്കുക. അവരെ വിശേഷതയുടെ ഉണർവ്വിലേക്ക് കൊണ്ടുവന്ന്, അവരിലൂടെ അവരുടെ വിശേഷത സേവനത്തിൽ ഉപയോഗിക്കൂ അപ്പോൾ അവരുടെ ആശീർവ്വാദങ്ങൾ താങ്കൾക്ക് ലഭിക്കും. അവർ എന്ത് സേവനം ചെയ്യുന്നോ അതിന്റെ പങ്കും താങ്കൾക്കും ലഭിക്കും.

## സ്ലോഗൻ:- ബാപ്ദാദയോടൊപ്പം ഇങ്ങനെ കമ്പയിൻഡായിരിക്കൂ താങ്കളിലൂടെ മറ്റുള്ളവർക്ക് ബാബയുടെ ഓർമ്മവരണം.

### മാതേശ്വരിജിയുടെ മധുര മഹാവാക്യം:

**"തമോഗുണീ മായയുടെ വിസ്താരം"**

സതോഗുണീ, രജോഗുണീ, തമോഗുണീ ഈ മൂന്ന് ശബ്ദം പറയാറുണ്ട് ഇതിനെ യഥാർത്ഥത്തിൽ മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. മനുഷ്യർ മനസ്സിലാക്കുന്നത് ഈ മൂന്ന് ഗുണങ്ങളും ഒരുമിച്ച് നടന്നുകൊണ്ടിരിക്കുന്നു എന്നാണ്, എന്നാൽ വിവേകം എന്താണ് പറയുന്നത് - എന്താ ഈ മൂന്ന് ഗുണങ്ങളും ഒരുമിച്ചാണോ നടക്കുന്നത് അതോ മൂന്ന് ഗുണങ്ങളുടെയും പാർട്ട് വ്യത്യസ്ത യുഗങ്ങളിലാണോ നടക്കുന്നത്? ഈ മൂന്ന് ഗുണങ്ങളും ഒരുമിച്ച് നടക്കുന്നില്ല വിവേകം ഇങ്ങനെ തന്നെയാണ് പറയുന്നത് സത്യയുഗം എപ്പോഴാണോ അപ്പോൾ സതോഗുണമാണ്, ദ്വാപരയുഗമാകുമ്പോൾ രജോഗുണമാണ്, കലിയുഗമാകുമ്പോൾ തമോഗുണമാണ്. എപ്പോഴാണോ സതോയുള്ളത് അപ്പോൾ രജോയും തമോയുമില്ല, എപ്പോഴാണോ രജോയുള്ളത് അപ്പോൾ സതോഗുണവുമില്ല. മനുഷ്യരാണെങ്കിൽ മൂന്ന് ഗുണവും തന്നെ ഒരുമിച്ചാണ് നടക്കുന്നതെന്ന് മനസ്സിലാക്കിയാണ് ഇരിക്കുന്നത്. ഇങ്ങനെ പറയുന്നത് പരിപൂർണ്ണമായും

തെറ്റാണ്, അവർ കരുതുന്നത് എപ്പോഴാണോ മനുഷ്യർ സത്യം പറയുന്നത്, പാപ കർമ്മം ചെയ്യാത്തത് അപ്പോൾ അവർ സതോഗുണിയാണ് എന്നാൽ വിവേകം പറയുന്നത് എപ്പോഴാണോ നമ്മൾ സതോഗുണിയെന്ന് പറയുന്നത്, അപ്പോൾ സമ്പൂർണ്ണ സുഖം അതിനർത്ഥം മുഴുവൻ സൃഷ്ടിയും സതോഗുണിയാണ് എന്നാണ്. അല്ലാതെ സത്യം പറയുന്നവർ സതോഗുണിയാണ്, അസത്യം പറയുന്നവർ കലിയുഗീ തമോഗുണിയാണ്, ഇങ്ങനെ പറയില്ല. എന്നാൽ ലോകം ഇങ്ങനെ തന്നെയാണ് നടന്ന് വരുന്നത്. ഇപ്പോൾ ഏത് സമയത്തെയാണോ നമ്മൾ സത്യയുഗമെന്ന് പറയുന്നത് അപ്പോൾ അതിനർത്ഥം മുഴുവൻ സൃഷ്ടിയിലും സതോഗുണം സതോപ്രധാനത വേണം. ശരിയാണ്, ഇങ്ങനെ ഒരു സമയം ഉണ്ടായിരുന്നു അവിടെ മുഴുവൻ ലോകവും തന്നെ സതോഗുണിയായിരുന്നു. ഇപ്പോൾ ആ സത്യയുഗമില്ല, ഇപ്പോൾ കലിയുഗീ ലോകമാണ് അർത്ഥം മുഴുവൻ ലോകത്തിലും തമോപ്രധാനതയുടെ രാജ്യമാണ്. ഈ തമോഗുണീ സമയത്തിൽ പിന്നീട് സതോഗുണം എവിടെ നിന്ന് വരാനാണ്! ഇപ്പോൾ ഘോരമായ അന്ധകാരമാണ് ഇതിനെയാണ് ബ്രഹ്മാവിന്റെ രാത്രി എന്ന് പറയുന്നത്. ബ്രഹ്മാവിന്റെ പകലാണ് സത്യയുഗം ബ്രഹ്മാവിന്റെ രാത്രിയാണ് കലിയുഗം, അതുകൊണ്ട് നമുക്ക് രണ്ടിനെയും ഒന്നാക്കാൻ സാധിക്കില്ല. ശരി. ഓം ശാന്തി.